بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ

# Khuthba Khulasa 06.09.2019 ഖുത്ബ സംഗ്രഹം

## സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ്

06.09.2019ന് മുബാറക്ക് മോസ്ക്, ഇസ്ലാമാബാദ്, യു.കെയിൽ നിർവഹിച്ച
ജുമുഅ ഖുത്ബയുടെ സംഗ്രഹം

### നബി(സ)തിരുമേനിയുടെ മഹോന്നതപദവിയിലുള്ള ബദരീ സ്വഹാബിയായ ഹദ്റത്ത് ഉബാദാ ബിൻ സാമിത്ത്(റ)ന്റെ സ്തുത്യർഹമായ ഗുണവിശേഷങ്ങളുടെ വിശ്വാസദീപ്തമായതും ഹൃദയഹാരിയുമായ വിവരണങ്ങൾ.

أَشْهَدُ أَنْ لَّا إِلٰهَ إِلَّا اللّٰهُ وَحْدَهُ لَا شَرِيْكَ لَهُ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهُ وَرَسُوْلُهُ۔ أَمَّا بَعْدُ

فَأَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ۔ بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ۔

اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ۙ الرَّحْمٰنِ الرَّحِيْمِ ۙ مٰلِكِ يَوْمِ الدِّيْنِ ۭ اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ ۭ

اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ۙ صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّاۗلِّيْنَ ۧ

തശഹ്ഹുദും തഅവ്വുദും സൂറ ഫാത്തിഹയും ഓതിക്കൊണ്ട് ഹുസൂർ പറഞ്ഞു; കഴിഞ്ഞ ഖുത്ബയിൽ ഞാൻ ഹദ്റത്ത് ഉബാദാ ബിൻ സാമിത്തിനെക്കുറിച്ച് വിവരിച്ചുകൊണ്ടിരിക്കുകയായിരുന്നു. അത് പൂർത്തിയായിരുന്നില്ല. അദ്ദേഹത്തെക്കുറിച്ചുള്ള കൂടുതൽ സംഭവങ്ങളും നിവേദനങ്ങളും വിവരിക്കാം. ചരിത്രത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു അബ്ദുല്ലാഹിബ്നു ഉബയ്യിന്റെ വാക്ക് കേട്ട അയാളുടെ സഖ്യകക്ഷകളിൽപ്പെട്ട യഹൂദി ഗോത്രമായ ബനൂകൈൻകാ മുസ്ലിംകളുമായി യുദ്ധം ചെയ്തു. ഹദ്റത്ത് ഉബാദയും അവരുടെ സഖ്യകക്ഷികളിൽപ്പെട്ടയാളായിരുന്നു. എന്നാൽ ആ യുദ്ധം കാരണമായി അദ്ദേഹം (ഹദ്റത്ത് ഉബാദ) അല്ലാഹുവിനും അവന്റെ റസൂലിനും വേണ്ടി ആ ഗോത്രവുമായുള്ള ബന്ധം ഉപേക്ഷിക്കുകയുണ്ടായി.

ഹുസൂർ പറഞ്ഞു; ബദർ യുദ്ധം കഴിഞ്ഞു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ മുസ്ലിംകൾ ന്യൂനപക്ഷവും നിരായുധരുമായിരുന്നിട്ടും ഖുറൈഷികളുടെ വൻ സൈന്യത്തിനുമേൽ വിജയം വരിക്കുകയും അവരുടെ ഉന്നത നേതാക്കൾ നിലംപതിക്കുകയും ചെയ്തപ്പോൾ യഹൂദികളുടെ ഉള്ളിൽ മറഞ്ഞിരുന്ന അസൂയയുടെ തീ ആളിക്കത്തി. അവർ മുസ്ലിംകൾക്കെതിരിൽ തുറന്ന നിലയിൽ പ്രകോപനങ്ങൾ ആരംഭിച്ചു. അവർ തുറന്ന സദസ്സുകളിൽ പറയാൻ തുടങ്ങി; ഖുറൈഷികളുടെ സൈന്യത്തെ തോല്പിക്കുക എന്നത് അത്ര വലിയ കാര്യമൊന്നുമല്ല ഞങ്ങളോടേറ്റുമുട്ടുകയാണെങ്കിൽ എങ്ങനെയാണ് യുദ്ധം ചെയ്യുക എന്ന് ഞങ്ങൾ പറഞ്ഞു കൊടുക്കാം. ഏതുവരെയെന്നാൽ ഒരു സദസ്സിൽ നബി(സ)തിരുമേനിയുടെ മുഖത്തു നോക്കി അവർ ഇത്തരത്തിലുള്ള വാക്കുകൾ പറയുകയുണ്ടായി. യഹൂദികൾ വെറും ഭീഷണിപ്പെടുത്തലിൽ കാര്യങ്ങളവസാനിപ്പിച്ചില്ല അവർ നബി(സ) തിരുമേനിയെ വധിക്കാനുള്ള പദ്ധതി കൂടി ആരംഭിച്ചിരുന്നു. ചുരുക്കത്തിൽ, ബദർ യുദ്ധത്തിനു ശേഷം യഹൂദികൾ തുറന്ന നിലയിൽ ശല്യംചെയ്യാൻ തുടങ്ങി. യഹൂദികളിൽ ബനൂ കൈൻക്വാ ഏറ്റവും ശക്തരും ധീരരുമായിരുന്നു. ഏറ്റവുമാദ്യം അവരുടെ ഭാഗത്തു നിന്നാണ് കരാർ ലംഘനമുണ്ടായത്. അതുകൊണ്ടുതന്നെ ചരിത്രകാരൻമാർ എഴുതുന്നു; നബി(സ)തിരുമേനിക്കും അവർക്കുമിടയിലുണ്ടായിരുന്ന കരാർ ഏറ്റവും ആദ്യം ലംഘിച്ചത് ബനൂ കൈൻക്വാ ആയിരുന്നു. മാത്രമല്ല ബദറിനു ശേഷം വലിയ ധിക്കാരം ആരംഭിച്ചിരുന്നു. തുറന്ന നിലയിൽ അസൂയയും വിദ്വേഷവും പ്രകടിപ്പിച്ചുകൊണ്ട് എല്ലാ ഉടമ്പടികളും ലംഘിച്ചു. എന്നാൽ ഇത്തരത്തിലുള്ള സംഭവങ്ങളൊക്കെയുണ്ടായിട്ടും മുസ്ലിംകൾ അവരുടെ യജമാനന്റെ നിർദ്ദേശത്തിനു കീഴിൽ എല്ലാ വിധത്തിലും ക്ഷമ കൈക്കൊണ്ടു. തങ്ങളുടെ ഭാഗത്തു നിന്നും മുൻകൈ എടുക്കേണ്ടി വരാതെ ശ്രദ്ധിച്ചു. ഹദീസുകളിൽ വരുന്നത് യഹൂദികളുമായുണ്ടാക്കിയ കരാറിനു ശേഷം നബി(സ)തിരുമേനി അവരോട് ഔദാര്യപൂർവ്വമാണ് പെരുമാറിയിരുന്നത് എന്നാണ്. എന്നാൽ അങ്ങനെയെല്ലാം ഔദാര്യത്തോടും സൗമ്യതയോടും, അനുകമ്പാ പൂർവ്വവും പെരുമാറിയിട്ടും യഹൂദികൾ അവരുടെ ദുഷ്ടപവൃത്തികളിൽ മുന്നേറുകയും ഒടുവിൽ യഹൂദികളുടെ ഭാഗത്തു നിന്നു തന്നെ യുദ്ധത്തിന് ആരംഭം കുറിക്കുകയും ചെയ്തു. അതിപ്രകാരമാണുണ്ടായത്; ഒരു മുസ്ലിം സ്ത്രീ അങ്ങാടിയിലുള്ള ഒരു യഹൂദിയുടെ കടയിൽ നിന്നും ചരക്കു വാങ്ങുവാൻ പോയി. ദുഷ്ടൻമാരായ ചില യഹൂദികൾ ആ കടയിൽ ഇരിക്കുന്നുണ്ടായിരുന്നു. അവർ ആ സ്ത്രീയോട് തെമ്മാടിത്തരം കാണിക്കുകയും ശല്യപ്പെടുത്തുകയും ചെയ്തു. കടയുടമ സ്വയം ആ സ്ത്രീ അറിയാതെ അവരുടെ അരയുടുപ്പ് എവിടെയോ ഉടക്കിവച്ചു. ആ സ്ത്രീ അവരുടെ തെമ്മാടിത്തരം കണ്ടുകൊണ്ട് അവിടെ നിന്നും എഴുന്നേറ്റു പോകാൻ ശ്രമിച്ചപ്പോൾ വസ്ത്രം ഉടക്കി അഴിഞ്ഞുപോയി. അതു കണ്ട് ആ യഹൂദിയായ കടയുടമയും അയാളുടെ കൂട്ടുകാരും ചേർന്ന് പരിഹസിച്ചു ചിരിക്കുവാൻ തുടങ്ങി. മുസ്ലിം സ്ത്രീ ലജ്ജിതയായി. സഹായമാവശ്യപ്പെട്ടുകൊണ്ട് ആർത്തുവിളിക്കുകയും ചെയ്തു. യാദൃശ്ചികമായി ഒരു മുസ്ലിം അവിടെ സമീപത്തുതന്നെയുണ്ടായിരുന്നു. അയാൾ തദവസരത്തിൽ ചാടിവീഴുകയും അതേതുടർന്ന് കലഹം ആരംഭിക്കുകയും ചെയ്തു. യഹൂദി കടയുടമ മരണപ്പെട്ടു. അപ്പോൾ നാലു ഭാഗത്തു നിന്നും ആ മുസ്ലിമിന്റെ മേൽ വാളുകൊണ്ടാക്ര

മണമുണ്ടായി. ആ ധീരനായ മുസൽമാൻ അവിടെതന്നെ നിലംപതിച്ചു. മറ്റു മുസ്‌ലിംകൾ ഈ സംഭവത്തെക്കുറിച്ചറിഞ്ഞപ്പോൾ അവരുടെയും സാമൂഹിക അഭിമാനബോധം ആളിക്കത്തി. മറുവശത്ത് ജൂതൻമാർ ഇക്കാരണം പറഞ്ഞുകൊണ്ട് യുദ്ധത്തിനായി ആഗ്രഹിച്ചിരിക്കുകയായിരുന്നു. അവർ ഒരുമിച്ചു കൂടുകയും അങ്ങിനെ ഒരു യുദ്ധാന്തരീക്ഷം രൂപം കൊള്ളുകയും ചെയ്തു.

നബി(സ)തിരുമേനിക്ക് ഇതിനെക്കുറിച്ചുള്ള അറിവു ലഭിച്ചപ്പോൾ അവിടന്ന് ബനൂ കൈൻക്വായുടെ നേതാക്കളെ ഒരുമിച്ചു കൂട്ടി. എന്നിട്ടു അവരോടു പറഞ്ഞു; ഈ രീതി ശരിയല്ല നിങ്ങൾ ഉപദ്രവത്തിൽ നിന്നും പിൻമാറുകയും അല്ലാഹുവിനെ ഭയപ്പെടുകയും ചെയ്യുക. അവർ അതിനു മറുപടിയായി ഖേദപ്രകടനം നടത്തുന്നതിനു പകരം അങ്ങേയറ്റത്തെ അഹങ്കാരത്തോടെയും ധിക്കാരത്തോടും കൂടി മറുപടി പറയുകയാണ് ചെയ്തത്. എന്നിട്ട് വീണ്ടും ആ ഭീഷണി തന്നെ ആവർത്തിച്ചു അതായത് ബദറിന്റെ വിജയത്തിൽ നിങ്ങൾ അഹങ്കരിക്കരുത് ഞങ്ങളോടേറ്റുമുട്ടുമ്പോൾ ശരിക്കും യുദ്ധംചെയ്യുന്നവർ എപ്രകാരമായിരിക്കുമെന്ന് നിങ്ങൾക്കു മനസ്സിലാകും. ചുരുക്കത്തിൽ, ഒരു നിവൃത്തിയുമില്ലാതായപ്പോൾ അവിടന്ന് സ്വഹാബാക്കളെയും കൂട്ടി ബനൂ കൈൻക്വായുടെ കോട്ടയെ ലക്ഷ്യമാക്കി നീങ്ങി. ബനൂ കൈൻക്വാ കോട്ടവാതിലുകളടച്ച് കോട്ടക്കുള്ളിലിരുന്നു. നബി(സ)തിരുമേനി അവരെ വളഞ്ഞു. തുടർച്ചയായി പതിനഞ്ചു ദിവസങ്ങളോളം വളഞ്ഞിരുന്നു. ഒടുവിൽ ബനൂകൈൻക്വായുടെ ശക്തിയും ധൈര്യവും ചോർന്നപ്പോൾ ഈ നിബന്ധനയിൽ അവർ കോട്ടവാതിലുകൾ തുറന്നു, അതായത് അവരുടെ സമ്പത്തെല്ലാം മുസ്‌ലിംകളുടേയായിരിക്കും,എന്നാൽ അവരുടെ കുടുംബാംഗങ്ങളിൽ മുസ്‌ലിംകൾക്ക് യാതൊരു അധികാരവും ഉണ്ടായിരിക്കുന്നതല്ല. നബി(സ)തിരുമേനി ഈ നിബന്ധന അംഗീകരിച്ചു. ഒരു പക്ഷെ മൂസവീ ശരീഅത്തനുസരിച്ച് അവർ വധശിക്ഷയ്ക്കർഹരായിരുന്നു. മറുവശത്ത് ഇത്തരം കരാർ ലംഘനം നടത്തുന്നവരും ശത്രുഗോത്രവുമായവർ മദീനയിൽ താമസിക്കുക എന്നത് വിഷസർപ്പത്തെ വളർത്തുന്നതിനെക്കാളും ഒട്ടും മോശമല്ലയിരുന്നു. അവസിലേയും ഖദ്റജിലേയും കപടവിശ്വാസികളുടെ ഒരു സംഘം മുൻപേ തന്നെ മദീനയിലുണ്ടായിരുന്നു. ഇങ്ങനെയുള്ള സാഹചര്യത്തിൽ നബി(സ)തിരുമേനിക്ക് ബനൂ കൈൻക്വാ ഗോത്രക്കാരെ അവിടെനിന്നും പറഞ്ഞുവിടാൻ തീരുമാനമെടുക്കാനെ സാധിക്കുമായിരുന്നുള്ളൂ. അവരുടെ അപരാധവും അപ്പോഴത്തെ അവസ്ഥയും വച്ചു നോക്കുമ്പോൾ ഈ ശിക്ഷ വളരെ ലളിതമായതായിരുന്നു. പ്രത്യേകിച്ച് സ്വന്തായി ഭൂമിയോ തോട്ടങ്ങളോ ഇല്ലാത്ത ഒരു ഗോത്രം, ബനൂ കൈൻക്വാക്കും അതുണ്ടായിരുന്നില്ല. അതുകൊണ്ടുതന്നെ വളരെ സമാധാനത്തോടെ അവർ മദീന ഉപേക്ഷിച്ച് ശാമിലേക്കു പോയി. അവർ പുറപ്പെടുന്നതിന് ആവശ്യമായ ഏർപ്പാടു ചെയ്യുക, അതിന്റെ മേൽനോട്ടം വഹിക്കുക എന്ന ജോലി നബി(സ)തിരുമേനി തങ്ങളുടെ സ്വഹാബിയായ ഉബാദാ ബിൻ സാമിത്തിനെയാണ് ഏല്പിച്ചത്. ഇദ്ദേഹത്തെക്കുറിച്ചാണ് ഇപ്പോൾ വിവരിച്ചുകൊണ്ടിരിക്കുന്നത്. ആയതിനാൽ ഉബാദാ ബിൻ സാമിത്ത് കുറച്ചു ദൂരം ബനൂകൈൻക്വായെ അനുഗമിക്കുകയും അവരെ സുരക്ഷിതരായി യാത്രയാക്കി തിരിച്ചുവരികയും ചെയ്തു. ജൂതൻമാർ അവർക്കു നൽകിയിരുന്ന മൂന്നു ദിവസത്തെ ഇളവ് നീട്ടിത്തരുവാൻ ഹദ്റത്ത് ഉബാദാ ബിൻ സാമിത്തിനോട് അപേക്ഷിച്ചിരുന്നു. എന്നാൽ ഹദ്റത്ത് ഉബാദ പറഞ്ഞു; ഇല്ല ഒരു നിമഷം പോലും നിങ്ങൾക്ക് ഇളവു നൽകാൻ സാധിക്കുകയില്ല.

ഹദ്റത്ത് ഉബാദാ ബൻ സാമിത്ത് നിവേദനം ചെയ്യുന്നു; മുഹാജിറുകളിൽ നിന്നാരെങ്കിലും നബി(സ)തിരുമേനിയുടെയടുക്കൽ വന്നാൽ അവരെ ഖുർആൻ പഠിപ്പിക്കുന്നതിനായി ഞങ്ങളിൽ നിന്ന് ആരെയെങ്കിലും ഏല്പിക്കുമായിരുന്നു. ഇവരെ കൊണ്ടു പോയി ഖുർആനും മതപരമായ അദ്ധ്യാപനങ്ങളും പഠിപ്പിക്കുക എന്നു പറയുമായിരുന്നു. അദ്ദേഹം പറയുകയാണ്; ഒരിക്കൽ നബി(സ)തിരുമേനി ഒരാളെ എന്നെയേൽപ്പിക്കുകയുണ്ടായി. അങ്ങിനെ അയാൾ തന്റെ കുടുംബത്തിലേക്കു തിരിച്ചുപോകാനൊരുങ്ങുമ്പോൾ എനിക്ക് ഒരു വില്ല് ഉപഹാരമായി നൽകുകയുണ്ടായി. ഇതുസംബന്ധമായി നബി(സ)തിരുമേനിയോട് ആരാഞ്ഞപ്പോൾ അവിടന്ന് പറഞ്ഞു; ഒരു തീവളയം നിന്റെ കഴുത്തിലണിയാൻ നീ ആഗ്രഹിക്കുന്നുവെങ്കിൽ ശരി നീ അതെടുത്തുകൊള്ളുക. അതുകൊണ്ട് വ്യക്തിപരമായി ഖുർആൻ പഠിപ്പിക്കുന്നത് ഒരു വരുമാനമാർഗ്ഗമാക്കുന്നവർക്കും ഇതൊരു ഉപദേശമാണ്.

ഹദ്റത്ത് റാശിദ് ബിൻ ഹുവൈസ് നിവേദനം ചെയ്യുന്നു. ഒരിക്കൽ നബി(സ)തിരുമേനി ഹദ്റത്ത് ഉബാദാ ബിൻ സാമിത്തിന്റെ ശശ്രൂ)ഷയ്ക്കായി അദ്ദേഹത്തിന്റെ അടുത്തു പോയി നബി(സ)തിരുമേനി പറഞ്ഞു; എന്റെ ഉമ്മത്തിലെ ശഹീദ് ആരെല്ലാമാണെന്ന് നിങ്ങൾക്കറിയുമോ. അപ്പോൾ ജനങ്ങൾ പരസ്പരം നോക്കാൻ തുടങ്ങി. ഹദ്റത്ത് ഉബാദ പറഞ്ഞു എന്നെയൊന്ന് എഴുന്നേറ്റിരിക്കാൻ സഹായിക്കാമോ. ആളുകൾ അദ്ദേഹത്തെ എഴുന്നേല്പിച്ചപ്പോൾ അദ്ദേഹം പറഞ്ഞു യാ റസൂലല്ലാഹ്(സ) ശഹീദ് ആരാണെന്നു താങ്കൾ ചോദിച്ചു. ധീരതയോടെയും സ്ഥിരോത്സാഹത്തോടെയും പോരാടുകയും പ്രതിഫലം കാക്ഷിക്കുകയും ചെയ്യുന്നവർ ശഹീദ് ആകുന്നു. നബി(സ) പറഞ്ഞു ഇത്രമാത്രമാണ് കാര്യമെങ്കിൽ എന്റെ ഉമ്മത്തിൽ വളരെ കുറച്ചു ശുഹദാക്കളേ ഉണ്ടാകൂ. തുടർന്ന് അവിടന്ന് പറഞ്ഞു; അല്ലാഹുവിന്റെ മാർഗ്ഗത്തിൽ വധിക്കപ്പെടുന്നവർ ശഹീദാണ്, പ്ലേഗ് മൂലം മരണപ്പെടുന്നതും ശഹദത്താകുന്നു. വെള്ളത്തിൽ മുങ്ങി മരണപ്പെടുന്നതും ശഹാദത്താകുന്നു. ഉദരസംബന്ധമായ അസുഖങ്ങൾ മൂലം മരണമടയുന്നതും ശഹാദത്താകുന്നു. പ്രസവരക്തസ്രാവം മൂലം മരണപ്പെടുന്ന സ്തീയെ അവളുടെ കുഞ്ഞ് തന്റെ കൈകൊണ്ട് സ്വർഗ്ഗത്തിലേക്ക് വലിച്ചുകൊണ്ടു പോകുന്നു. അതുപോലെതന്നെ ഹദ്റത്ത് അബൂഹുറൈറ(റ)യിൽനിന്ന് നിവേദനം; നബി(സ) പറഞ്ഞു; ശഹീദ് അഞ്ചു വിധമാണ്. പ്ലേഗ് മൂലം മരണമടയുന്നവർ, ഉദരരോഗം മൂലം മരണമടയുന്നവർ, മുങ്ങിമരിക്കുന്നവർ, ഞരിഞ്ഞമർന്ന് മരിക്കുന്നവരും അല്ലാഹുവിന്റെ മാർഗ്ഗത്തിൽ മരണമടയുന്നവരും ശഹീദ് ആകുന്നു.

ഒരിക്കൽ ഹദ്റത്ത് ഉസ്മാൻ(റ) ഹദ്റത്ത് മുആവിയയു

ടെ പരാതിയിൻമേൽ ഹദ്റത്ത് ഉബാദാ ബിൻ സാമിത്തിനെ ശാമിൽ നിന്നും മദീനയിലേക്ക് വിളിപ്പിച്ചു. ഹദ്റത്ത് ഉബാദ ഹദ്റത്ത് ഉസ്മാന്റെ അടുത്തെത്തി എന്നിട്ട് ജനങ്ങളെ അഭിമുഖീകരിച്ചുകൊണ്ടു പറഞ്ഞു; നബി(സ)തിരുമേനി ഇങ്ങിനെ പറയുന്നതായി ഞാൻ കേട്ടു അതായത് എനിക്കു ശേഷം നിങ്ങൾക്ക് താല്പര്യമില്ലാത്ത പ്രവൃത്തികളെക്കുറിച്ച് പറഞ്ഞുതരികയും നിങ്ങൾ നല്ലതെന്ന് കരുതുന്ന ജോലികളോട് വെറുപ്പുണ്ടാക്കുകയും ചെയ്യുന്ന ആളുകൾ നിങ്ങളുടെ ഭരണാധികാരികളായിട്ടുണ്ടാകും. അതിനാൽ അല്ലാഹുവിനോട് അനുസരണക്കേടു കാണിക്കുന്നവരെ നിങ്ങൾ അനുസരിക്കരുത്. നിങ്ങൾ നിങ്ങളുടെ നാഥന്റെ കല്പനകളെ മുൻകടക്കരുത്.

ഹൂസൂർ പറഞ്ഞു; കഴിഞ്ഞ ഖുത്ബയിലും ഇക്കാര്യം പറഞ്ഞിട്ടുണ്ടായിരുന്നു. ഹദ്റത്ത് ഉമറിന്റെ കാലത്തും ഒരിക്കൽ ഹദ്റത്ത് ഉബാദയും അമീർ മുആവിയയും തമ്മിൽ അഭിപ്രായഭിന്നതയുണ്ടായപ്പോൾ ഹദ്റത്ത് ഉമർ(റ) അമീർ മുആവിയായോട് പറഞ്ഞു; അദ്ദേഹത്തോടു താങ്കൾ കൂടുതൽ ചോദ്യങ്ങളൊന്നും ചോദിക്കരുത് അദ്ദേഹം എന്തു പ്രശ്നങ്ങൾ വിവരിക്കുകയാണെങ്കിലും വിവരിച്ചുകൊള്ളട്ടെ. എന്നാൽ ഹദ്റത്ത് ഉസ്മാന്റെ കാലത്ത് ഇക്കാര്യം ആവർത്തിച്ചപ്പോൾ ഹദ്റത്ത് ഉസ്മാൻ അദ്ദേഹത്തെ തിരിച്ചു വിളിപ്പിച്ചു. ചുരുക്കത്തിൽ, ഹദ്റത്ത് ഉബാദയ്ക്ക് ഒരു സ്ഥാനമുണ്ടായിരുന്നു. ചിലകാര്യങ്ങളിൽ വിശദീകരണം നൽകാൻ അദ്ദേഹത്തിന് സാധിക്കുമായിരുന്നു. നബി(സ)തിരുമേനിയിൽ നിന്നും അദ്ദേഹം കാര്യങ്ങൾ നേരിട്ടു കേട്ടിരുന്നു. അക്കാരണത്താലായിരുന്നു അദ്ദേഹത്തിന് അഭിപ്രായ ഭിന്നതയുണ്ടായിരുന്നത്. എന്നാൽ വിശുദ്ധഖുർആനിൽ നിന്നും ഹദീസിൽ നിന്നും വ്യക്തമായ രേഖകളില്ലാതെയും അതുപോലെ ഇക്കാലത്ത് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വിശദീകരണമില്ലാതെയും ഇത്തരത്തിൽ അഭിപ്രായ ഭിന്നത പ്രകടിപ്പിച്ചുകൊണ്ട് നടക്കുക എന്നത് എല്ലാവർക്കും ചേർന്ന പ്രവൃത്തിയല്ല. ഇതിൽ ഏറ്റവും അടിസ്ഥാനപരമായിട്ടുള്ളതും ഓർത്തിരിക്കേണ്ടതുമായ കാര്യമെന്നത് അല്ലാഹുവിന്റെ പരിധികളെ ലംഘിക്കരുത്, മറിച്ച് പരിധക്കുള്ളിൽ നിൽക്കേണ്ടതാണ്. ഇക്കാര്യംതന്നെയാണ് ഓരോ അഹ്മദിയും തങ്ങളുടെ മുന്നിൽ വയ്ക്കേണ്ടതും. അനുസരണത്തിന്റെ വൃത്തത്തിനകത്തു നിൽക്കേണ്ടതാണ്.

അത്വാ വിവരിക്കുന്നു, ഞാൻ നബി(സ)തിരുമേനിയുടെ സ്വഹാബിയായ ഹദ്റത്ത് ഉബാദാ ബിൻ സാമിത്തിന്റെ മകനായ വലീദുമായി കണ്ടുമുട്ടി. ഞാനദ്ദേഹത്തോടു ചോദിച്ചു, മരണസമയത്ത് താങ്കളുടെ പിതാവിന്റെ വസിയ്യത്ത് എന്തായിരുന്നു. അപ്പോൾ അദ്ദേഹം പറഞ്ഞു; അദ്ദേഹം(ഉബാദാ ബിൻ സാമിത്ത്) എന്നെ വിളിച്ചു എന്നിട്ടു പറഞ്ഞു; എന്റെ മകനേ, അല്ലാഹുവിനെ ഭയപ്പെടുക അതുപോലെ അല്ലാഹുവിലും അവന്റെ എല്ലാ തരത്തിലുള്ള നന്മ തിന്മകളിലും വിധിയിലും വിശ്വസിക്കാത്തിടത്തോളം ഭയഭക്തി കരസ്ഥമാക്കാൻ ഒരിക്കലും സാധിക്കുകയില്ല എന്നും നീ മനസ്സിലാക്കുക. ഈ വിശ്വാസത്തോടെയല്ലാതെ നീ മരിക്കുകയാണെങ്കിൽ നീ നരകത്തിലായിരിക്കും പ്രവേശിക്കുക.

ഹദ്റത്ത് അനസ് ബിൻ മാലിക് വിവരിക്കുന്നു. നബി(സ)തിരുമേ ഹദ്റത്ത് ഉബാദാ ബിൻ സാമിത്തിന്റെ ഭാര്യയായ ഹദ്റത്ത് ഉമ്മെ ഹറാം ബിൻത് മിൽഹാനിന്റെ അടുക്കൽ പോകാറുണ്ടായിരുന്നു. ഹദ്റത്ത് ഉമ്മെ ഹറാം മുലകുടി ബന്ധത്തിലോ മറ്റു കുടുംബബന്ധത്തിലോ നബി(സ)യുടെ മാതൃ സഹോദരിയായിരുന്നു. അവർ അദ്ദേഹത്തിന് ആഹാരം കൊടുക്കുമായിരുന്നു. ഒരിക്കൽ നബി(സ)തിരുമേനി ഹദ്റത്ത ഉമ്മെ ഹറാമിന്റെ വീട്ടിൽ പോയപ്പോൾ അവർ അദ്ദേഹത്തിന് ആഹാരം നൽകുകയും തലനോക്കിക്കൊടുക്കുകയും ചെയ്തു. നബി(സ) ഉറങ്ങിപ്പോയി. അല്പസമത്തിനു ശേഷം നബിതിരുമേനി പുഞ്ചിരിച്ചുകൊണ്ട് എഴുന്നേറ്റു. ഹദ്റത്ത് ഉമ്മെ ഹറാം പറയുകയാണ്, ഞാൻ ചോദിച്ചു; യാ റസൂലല്ലാഹ് താങ്കളെന്തിനാണ് പുഞ്ചിരിച്ചത്. അപ്പോൾ അവിടന്ന് പറഞ്ഞു; എന്റെ ഉമ്മത്തിൽ നിന്നും അല്ലാഹുവിന്റെ മാർഗ്ഗത്തിൽ യുദ്ധത്തിനായി പുറപ്പെട്ട കുറച്ചു പേരെ എന്റെ മുന്നിൽ കൊണ്ടുവരപ്പെട്ടു.അവർ സിംഹാസനത്തിലിരിക്കുന്ന രാജാവിനെപ്പോലെ സമുദ്രത്തിലൂടെ സഞ്ചരിച്ചുകൊണ്ടിരിക്കുകയാണ്. ഹദ്റത്ത് ഉമ്മെ ഹറാം പറയുകയാണ്, ഞാൻ പറഞ്ഞു; യാ റസൂലല്ലാഹ് അല്ലാഹു എന്നെയും അവരിലുൾപ്പെടുത്തുവാൻ വേണ്ടി താങ്കൾ ദുആ ചെയ്താലും. നബി(സ)തിരുമേനി ഹദ്റത്ത് ഉമ്മെ ഹറാമിനു വേണ്ടി ദുആ ചെയ്തു. വീണ്ടും അദ്ദേഹം തലവച്ച് ഉറങ്ങി. അതിനു ശേഷം പുഞ്ചിരിച്ചുകൊണ്ട് ഉണർന്നു. അവർ പറയുന്നു; ഞാൻ ചോദിച്ചു യാറസൂലല്ലാഹ് താങ്കൾ പുഞ്ചിരിച്ചതെന്തിനാണ്. നബി(സ) പറഞ്ഞു; എന്റെ ഉമ്മത്തിലെ, അല്ലാഹുവിന്റെ മാർഗത്തിൽ യുദ്ധത്തിനായി പുറപ്പെട്ട കുറച്ചുപേരെ എന്റെമുന്നിൽ കൊണ്ടുവരപ്പെട്ടു. ഹദ്റത്ത് ഉമ്മെ ഹറാം പറഞ്ഞു, യാ റസൂലല്ലാഹ് എന്നെയും അതിലുൾപ്പടുത്തുവാനായി താങ്കൾ അല്ലാഹുവനോടു ദുആ ചെയ്താലും. നബി(സ) പറഞ്ഞു; നിങ്ങൾ ആദ്യമേ അവരിൽ ഉൾപ്പെട്ടു കഴിഞ്ഞിരിക്കുന്നു. അങ്ങിനെ ഹദ്റത്ത് ഉമ്മെ ഹറാം ഹദ്റത്ത് ഉസ്മാൻ(റ)ന്റെ ഖിലാഫത്തു കാലത്ത് സമുദ്രയാത്രയിൽ പങ്കെടുത്തു. പിന്നീട് സമുദ്രത്തിൽ നിന്നും വെളിയിൽ വന്ന് സ്വന്തം യാത്രാമൃഗത്തിൽ നിന്നും വീണ് മരണമടയുകയാണുണ്ടായത്.

ഹുസൂർ പറഞ്ഞു; ജുനാദാ ബിൻ അബൂ ഉമയ്യ നിവേദനം ചെയ്യുന്നു. ഒരിക്കൽ ഹദ്റത്ത് ഉബാദയുടെ അടുക്കൽ പോയി. അദ്ദേഹം രോഗിയായിരുന്നു. ഞങ്ങളദ്ദേഹത്തോടു പറഞ്ഞു, അല്ലാഹു താങ്കൾക്ക് ആരോഗ്യം പ്രദാനം ചെയ്യട്ടെ . താങ്കൾ ഏതെങ്കിലും ഹദീസ് വിവരിച്ചാലും. അദ്ദേഹം പറഞ്ഞു, നബി(സ)തിരുമേനി ഞങ്ങളെ വിളിച്ചു ഞങ്ങളദ്ദേഹത്തിന് ബൈഅത്ത് ചെയ്തു. ഞങ്ങളിൽ നിന്നും ബൈഅത്ത് വാങ്ങിയത് ഇക്കാര്യങ്ങളിലാണ്. അതായത് സന്തോഷാവസരത്തിലും സന്താപാവസരത്തിലും പ്രയാസത്തിലും സമാധാനത്തിലും ക്ഷാമത്തിലും ക്ഷേമത്തിലും കേൾക്കുകയും അനുസരിക്കുകയും ചെയ്യുന്നതാണ്. തുറന്ന സത്യനിഷേധത്തിന് കല്പന നൽകിയാലല്ലാതെ, ഭരണത്തിനായി ഭരണാധികാരികളോട് കലഹിക്കുകയുമില്ല. സുനാബി നിവേദനം ചെയ്യുന്നു, ഹദ്റത്ത് ഉബാദാ ബിൻ സാമിത്ത് മര

ണാസന്ന നിലയിലായിരുന്നപ്പോൾ ഞാനദ്ദേഹത്തിന്റെയടുക്കൽ പോയി. ഞാൻ കരയാൻ തുടങ്ങി അപ്പോൾ അദ്ദേഹം പറഞ്ഞു, നിർത്തൂ എന്തിനാണ് കരയുന്നത് അല്ലാഹുവാണേ സത്യം എന്നോടെന്തെങ്കിലും സാക്ഷ്യം ചോദിക്കുകയാണെങ്കിൽ ഞാൻ നിനക്കനുകൂലമായി സാക്ഷി പറയും എനിക്ക് ശുപാർശക്കുള്ള അധികാരം നൽകുകയാണെങ്കിൽ നിനക്കു വേണ്ടി ഞാൻ ശുപാർശ ചെയ്യും എനിക്കു കഴിയുമെങ്കിൽ നിനക്ക് ഗുണകരമായത് ഞാൻ ചെയ്യും. തുടർന്നദ്ദേഹം പറഞ്ഞു; അല്ലാഹുവാണെ സത്യം നബി(സ)തിരുമേനിയിൽ നിന്നും ഞാൻ കേട്ട ഹദീസുകളിൽ നിന്നും നിനക്ക് ഗുണകരമായിട്ടുള്ളവ ഞാൻ നിന്നോട് വിവരിച്ചിരിക്കുന്നു. എന്നാൽ ഒരു ഹദീസ് ഒഴികെ. അത് ഞാനിന്ന് കേൾപ്പിക്കാം. ഞാനിപ്പോൾ മരണത്തിന്റെ പിടിയിലാണ്. ഞാൻ നബി(സ)തിരുമേനിയിൽ നിന്നും കേട്ടു, അവിടന്ന് പറയുമായിരുന്നു അല്ലാഹുവിനെക്കൂടാതെ ആരാധനയ്ക്കർഹൻ മറ്റാരുമില്ലെന്നും മുഹമ്മദ് (സ)അല്ലാഹുവിന്റെ ദൂതനാണെന്നതിനും സാക്ഷ്യം വഹിക്കുന്ന ഒരാൾക്ക് തീ നിഷിദ്ധമാക്കപ്പെട്ടിരിക്കുന്നു അതായത് അയാൾ മുസ്ലിം ആകുന്നു. അല്ലാഹു ഈ സ്വഹാബികളുടെ പദവികൾ ഉയർത്തമാറാകട്ടെ .അവർ നമുക്കായി കാര്യങ്ങൾ വിവരിച്ചു തന്നു. നമ്മുടെ ആത്മീയ ജ്ഞാനം വർദ്ധിപ്പിക്കുന്നതിനു പുറമെ നമ്മുടെ ദൈനംദിന ജീവിതത്തിനാവശ്യമായ കാര്യങ്ങളുണ്ട്.

ഹുസൂർ പറഞ്ഞു; ഇനി ഞാൻ ചില പരേതരെക്കുറിച്ച് പറയുവാനാഗ്രഹിക്കുകയാണ്. അവരുടെ ജനാസ നമസ്കാരവും നിർവ്വഹിക്കുന്നതാണ്. അതിൽ ആദ്യത്തേത് സിറിയയിലെ സഊദാ സൂഖിയാ സാഹിബിന്റേതാണ്. ഏപ്രിൽ 18ന് അദ്ദേഹം വഫാത്തായി. *ഇന്നാലില്ലാഹി വ ഇന്നാ ഇലൈഹി റാജിഊൻ.* പരേതൻ സിറിയ ജമാഅത്തിലെ അങ്ങേയറ്റത്തെ ആത്മാർത്ഥനും പഴയകാല അംഗവുമായിരുന്നു.

രണ്ടാമത്തെ ജനാസ ബഹുമാന്യ അത്വയിബ് അൽഉബൈദി ത്യൂനുസിന്റെതാണ്. ജൂൺ 26ന് എഴുപതാം വയസ്സിൽ വഫാത്തായി. *ഇന്നാ ലില്ലാഹി വ ഇന്നാലില്ലാഹി റാജിഊൻ.* ആ പ്രദേശത്തെ ഏക അഹ്മദിയായിരുന്നു അദ്ദേഹം അങ്ങേയറ്റത്തെ ആത്മാർത്ഥതയുള്ളയാളും ജമാഅത്തിനോടും കാലത്തിന്റെ ഇമാമിനോടും വളരെയധികം സ്നേഹമുള്ളയാളുമായിരുന്നു. ഖിലാഫത്തിനോട് സ്നേഹമുള്ളയാളായിരുന്നു.

മൂന്നാമത്തെ ജനാസ ബഹുമാന്യ അമത്തുശ്ശുകൂർ സാഹിബയുടെയാണ്. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാലിസ്(റ ഹ്)ന്റെ മൂത്ത മകളായിരുന്നു. സെപ്റ്റംബർ 7 ന് 79–ാം വയസ്സിൽ അവർ വഫാത്തായി. *ഇന്നാ ലില്ലാഹി വ ഇന്നാ ഇലൈഹി റാജിഊൻ.*

അല്ലാഹു ഇവർക്ക് പൊറുത്തുകൊടുക്കുകയും അവരോട് കാരുണ്യത്തോടെ പെരുമാറുകയും ചെയ്യട്ടെ. അവരുടെ മക്കൾക്കും അവരുടെ അടുത്ത തലമുറകൾക്കും ഖിലാഫത്തുമായും ജമാഅത്തുമായും എല്ലായിപ്പോഴും കൂറോടുകൂടി ബന്ധപ്പെട്ടു നിൽക്കാൻ തൗഫീഖ് നൽകട്ടെ.

اَلْحَمْدُ لِلّٰهِ نَحْمَدُهٗ وَ نَسْتَعِيْنُهٗ وَ نَسْتَغْفِرُهٗ وَنُؤْمِنُ بِهٖ وَ نَتَوَكَّلُ عَلَيْهِ وَنَعُوْذُ بِاللّٰهِ مِنْ شُرُوْرِ اَنْفُسِنَا وَ مِنْ سَيِّئَاتِ اَعْمَالِنَا مَنْ يَّهْدِهِ اللّٰهُ فَلَا مُضِلَّ لَهٗ وَمَنْ يُّضْلِلْهُ فَلَا هَادِىَ لَهٗ - وَ نَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَنَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ- عِبَادَ اللّٰهِ رَحِمَكُمُ اللّٰهُ اِنَّ اللّٰهَ يَاْمُرُ بِالْعَدْلِ وَ الْاِحْسَانِ وَ اِيْتَاءِذِى الْقُرْبٰى وَ يَنْهٰى عَنِ الْفَحْشَاءِ وَ الْمُنْكَرِ وَ الْبَغْىِ يَعِظُكُمْ لَعَلَّكُمْ تَذَكَّرُوْنَ اُذْكُرُوا اللّٰهَ يَذْكُرْكُمْ وَ ادْعُوْهُ يَسْتَجِبْ لَكُمْ وَلَذِكْرُ اللّٰهِ اَكْبَرُ-

Friday Sermon delivered by **Hadrat Khalifathul Masih Al-khamis** (atba)
at Mubarak Mosque,Islamabad,Tillford,UK – on 06.09.2019
Malayalam Translation : **Mou.Najmuddin** For Malayalam Desk,Qadian.
Published By Nazarath Nashr-O-Isha'ath, Sadr Anjuman Ahmadiyya - Qadian, 143516